jaagrathayude
**Keraleeyam**
**Rs. 20/-** 2012 March Posted at Thrissur RMS/2 on 21/3/2012

**എങ്ങനെയാവരുത് ഒരു കാമ്പസിലെ ഹരിതവൽക്കരണം? പരിസരബോധമില്ലാത്ത അക്കാദമിക് സമൂഹം കാലിക്കറ്റ് സർവകലാശാലയോട് ചെയ്യുന്ന ക്രൂരതകൾ വെളിപ്പെടുത്തുന്നു**

**ജയ തെക്കൂട്ട്**

# പൊന്തക്കാടുകളെ പേടിക്കുന്ന പണ്ഡിതന്മാർ

**കാലിക്കറ്റ്** സർവകലാശാലക്ക് തീപിടിക്കുകയാണിപ്പോൾ. ഏതോ വിനാശത്തിന്റെ തീക്കടൽ ഇവിടത്തെ പച്ചത്തുരുത്തുകളെ ഒന്നാകെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ഹരിതസമൃദ്ധികൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്ന ഈ കാമ്പസ് ഇന്ന് പച്ചപ്പിന്റെ മരുപ്പറമ്പായി രൂപംമാറിക്കൊണ്ടിരിക്കുന്നു.

അഞ്ചുമാസമായി, കാലിക്കറ്റ് സർവകലാശാലയിൽ വെട്ടിവെളുപ്പിക്കൽ തുടങ്ങിയിട്ട്. കപ്പക്കൃഷി നടത്താനെന്നായിരുന്നു തുടക്കം. ഒടുവിലത് ഹരിതവൽക്കരണം എന്നായിരിക്കുന്നു. ഹരിതസമൃദ്ധിയൊക്കെ വെട്ടിത്തെളിച്ച് മാവും പ്ലാവും പുളിയും നടുമത്രേ! വെറുതെയല്ല. 14കോടി രൂപയുടെ പദ്ധതിയാണ്. ഇതിനുള്ള 'നിലമൊരുക്കൽ' തകൃതിയായി മുന്നേറുന്നു.

ഒക്ടോബർ മാസത്തിലാണ് കാലിക്കറ്റ് സർവകലാശാലാ കാമ്പസിലെ സസ്യവൈവിധ്യം പൊന്തക്കാടുകളായി പെട്ടെന്ന് രൂപം മാറിയത്. കൃത്യമായി പറഞ്ഞാൽ ഒരു കൃഷിശാസ്ത്രജ്ഞൻ സർവകലാശാലയുടെ തലപ്പത്ത് എത്തിയപ്പോൾ. കൃഷിയെന്നാൽ പ്രകൃതിവിരുദ്ധമാണ് അഥവാ സ്വാഭാവികപ്രകൃതി കൃഷിവിരുദ്ധമാണ് എന്ന തോന്നലുളവാക്കിക്കൊണ്ട് കാലഹരണപ്പെട്ട കാർഷികപാഠങ്ങൾ സർവകലാശാലയിൽ പ്രയോഗിക്കുകയായിരുന്നു പുതിയ വൈസ്ചാൻസിലർ. ഇടവിളക്കൃഷിക്കായി 'അപകടകരമായ പൊന്തക്കാടുകൾ' വെട്ടിക്കളയുന്ന കാർഷികവിപ്ലവം ആഘോഷപൂർവം തന്നെ അദ്ദേഹം ഉദ്ഘാടനം ചെയ്തു. സമീപത്തെ ഗ്രാമപഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയായിരുന്നു പ്രവർത്തനങ്ങൾ. ഗുണം രണ്ട്: ഭീമമായ കൂലിചെലവിൽ നിന്ന് സർവകലാശാലക്ക് രക്ഷ; പഞ്ചായത്തുകൾക്കാണെങ്കിൽ ദീർഘകാലത്തേക്ക് തൊഴിലുറപ്പും. ദിനംപ്രതി നൂറോളം തൊഴിലാളികൾ (ഏറെയും സ്ത്രീകൾ) സർവകലാശാലയിലെ പൊന്തകളിലേക്ക് അരിവാളും വാക്കത്തിയുമായി കടന്നു. പഴക്കമുള്ള വള്ളിപ്പടർപ്പുകളും അപൂർവസസ്യങ്ങളും ഔഷധച്ചെടികളും സൂക്ഷ്മസസ്യങ്ങളും നിമിഷങ്ങൾകൊണ്ടാണ് അദൃശ്യമായിത്തുടങ്ങിയത്. ഒപ്പം എണ്ണിയാലൊടുങ്ങാത്ത ജന്തുവൈവിധ്യങ്ങളും. സൂക്ഷ്മജീവികൾ, ശലഭങ്ങൾ, വണ്ടുകൾ, പ്രാണികൾ, ചെറുകിളികൾ, അരണകൾ, പാമ്പുകൾ...

മൂന്നാം നാൾ ആശങ്കയുമായി തന്നെ സമീപിച്ച പ്രകൃതിസ്നേഹികളോട് കാടുവെട്ടുന്നത് മരം നടാനാണ് എന്ന ഫലിതമാണ് വൈസ്ചാൻസിലർ പറഞ്ഞത്. പൊന്തകൾ നീക്കം ചെയ്ത് കപ്പക്കൃഷി നടത്തും. ഫലവൃക്ഷത്തൈകൾ നടും. അങ്ങനെ ജൈവവൈവിധ്യം സംരക്ഷിക്കും. കാര്യം നിസാരം. അപ്പോൾ ജലസേചനം? കുളങ്ങൾ, കിണറുകൾ എന്നുതുടങ്ങി ചെക്ക്ഡാം വരെ. സർവകലാശാല ജനവാസകേന്ദ്രമാണ്; ദിനംപ്രതി ആയിരക്കണക്കിനുപേർ ഇവിടെ വന്നുപോകുന്നു; അവരുടെ സുരക്ഷപ്രശ്നമാണ്; പൊന്തക്കാടുകൾ സ്ത്രീകൾക്കും കുട്ടികൾക്കുമെന്നല്ല പുരുഷന്മാർക്കുപോലും ഭീഷണിയാകുന്നു; പിന്നെ മാലിന്യക്കൂമ്പാരം; പാമ്പും പഴുതാരയും.... ന്യായീകരണങ്ങൾ ഉയർന്നപ്പോൾ സർവകലാശാലയിലെ ഒട്ടുമിക്കപ്പേർക്കും സംഗതി ബോധ്യപ്പെട്ടിരിക്കണം!

മൂന്നുനാലുമാസം കഴിഞ്ഞു. മരത്തണലിൽ അന്നു നട്ട കപ്പത്തണ്ടിൽ ഒന്നുപോലും കിളിർത്തില്ല. അടിക്കാട് വെട്ടിമാറ്റിയിടത്തെ മണ്ണിൽ കുറെയൊക്കെ തുലാമഴയിൽ ഒഴുകിപ്പോകുകയും ചെയ്തു. പക്ഷേ കൃഷിശാസ്ത്രജ്ഞർ വിടാനുള്ള ഭാവമില്ലായിരുന്നു. കപ്പക്കൃഷി ഹരിതവൽക്കരണമായി. കോടികളുടെ പദ്ധതി. വെട്ടിനിരത്തൽ ചുട്ടെരിക്കലിലേക്ക് വഴിമാറി. അതും മരച്ചുവടുകളിൽത്തന്നെ! തരിശുവൽക്കരണത്തിന്റെ ആരംഭം. നാട്ടുകാർക്ക് ഇരട്ടിലാഭം. തൊഴിലുറപ്പും വീട്ടിലേക്ക് വിറകും. അതിനിടെ, പ്രതിഷേധസ്വരങ്ങളും ഈ ഹരിതദുരന്തത്തിനെതിരെ ഉയരുകയുണ്ടായി. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ പലതലങ്ങളിലായി നടത്തുന്ന പ്രവർത്തനങ്ങൾ ഈ ഹരിതദുരന്തത്തെ കാമ്പസിന് അകത്തും പുറത്തും ചർച്ചാവിഷയങ്ങളാക്കി. ജനകീയ പരിസ്ഥിതി കൂട്ടായ്മ സംഘടിപ്പിച്ചും പത്രവാർത്തകളിലൂടെയും നോട്ടീസ് പ്രചാരണങ്ങളിലൂടെയും ഫോട്ടോ പ്രദർശനത്തിലൂടെയും പ്രാദേശികതലത്തിലെങ്കിലും കാലിക്കറ്റ് സർവകലാശാലയിലെ പച്ചപ്പ് സജീവ ചർച്ചാവിഷയമാകുന്നുണ്ട്.

വർഷങ്ങൾക്കുമുമ്പ്, പരിസ്ഥിതിശാസ്ത്രജ്ഞൻ ഡോ. എം.കെ. പ്രസാദ് പ്രോ-വൈസ്ചാൻസിലർ സ്ഥാനത്തുള്ളപ്പോൾ, അടിക്കാടുകൾ വെട്ടുന്നതിന് വിലക്കുണ്ടായിരുന്ന ഇടമാണ് കാലിക്കറ്റ് സർവകലാശാല. പിന്നീട് ഡോ. കെ. കെ.എൻ. കുറുപ്പ് വൈസ്ചാൻസിലറായപ്പോൾ കശുമാവിൻ പ്ലാന്റേഷൻ തുടങ്ങാനിരുന്നതിനെ പ്രകൃതിസ്നേഹികൾ ചെറുത്തുതോല്പിച്ച പ്രദേശവുമാണ്.

ഒരു സർവകലാശാലയിലെ സസ്യവൈവിധ്യം കേവലാർത്ഥത്തിൽ പൊന്തക്കാടുകളായി ലഘൂകരിക്കുന്നത് ഒരു കാമ്പസ് സമൂഹത്തിന് ഭൂഷണമാണോ? 35 അപൂർവ ഔഷധസസ്യവർഗങ്ങളും 124 പക്ഷിവർഗങ്ങളും ഈ സർവകലാശാല വളപ്പിലുണ്ടെന്ന് വിവിധ ഗവേഷണപഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ബോട്ടണി-ലൈഫ് സയൻസ്-സുവോളജി വിഭാഗങ്ങളുടെ ഗവേഷണാവശ്യങ്ങൾക്കായി നിലനിർത്തേണ്ട അപൂർവസസ്യസമ്പത്ത്, സെക്യൂരിറ്റി ഗാർഡുമാരെ ഉപയോഗപ്പെടുത്തിത്തന്നെ പരിഹരിക്കാവുന്ന സുരക്ഷാ-മാലിന്യ പ്രശ്നങ്ങളുടെ പേരിൽ നശിപ്പിച്ചുകളയുന്നതിന് കാലിക്കറ്റ് സർവകലാശാലയെ ലോകമെമ്പാടുമുള്ള അക്കാദമിക് സമൂഹം വിചാരണചെയ്യുക തന്നെ വേണം.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com